സർക്കാർ നയത്തിൽ ഇപ്പോൾ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വികസനപ്രവർത്തനങ്ങൾ ആസൂത്രിതമായ രീതിയിലും നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായ രീതിയിലും പ്രകൃതിസൗന്ദര്യത്തിനും പരിസ്ഥിതിക്കും സാംസ്ക്കാരിക പൈതൃകത്തിനും കോട്ടം തട്ടാത്തരീതിയിലും നടക്കുന്നു എന്നത് ഉറപ്പുവരുത്തുക, ടൂറിസം രംഗത്തെ ചൂഷണം ഒഴിവാക്കുക ആ പ്രദേശത്തിന്റെ വാഹക ശേഷിക്ക് അനുസൃതമായ രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്കു കോട്ടം തട്ടാതെ നോക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിറുത്തി പ്രസ്തുത കേന്ദ്രങ്ങളിൽ ടൂറിസം വികസന അതോറിറ്റികൾ രൂപീകരിക്കുക എന്നൊരു നിർദ്ദേശം പരിഗണനയിൽ ഉണ്ട്.

(ബി) ഘടന തീരുമാനിക്കപ്പെട്ടിട്ടില്ല.

(സി) ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് വിഘാതം വരാത്തരീതിയിലും അവയുടെ സ്വതന്ത്രസ്വഭാവത്തെ ദോഷകരമായി ബാധിക്കാത്ത രീതിയിലും ആയിരിക്കണം ഏതൊരു അതോറിറ്റിയും പ്രവർത്തിക്കേണ്ടത് എന്നതാണ് ഗവണ്മെന്റിന്റെ നയം.

(ഡി) പഞ്ചായത്ത് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ യാതൊരു അതോറിറ്റിക്കും കൈമാറുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ഗവണ്മെന്റിന്റെ പ്രഖ്യാപിത നയത്തിൽ നിന്നുള്ള വ്യതിയാനങ്ങളൊന്നും ഉദ്ദേശിക്കപ്പെട്ടിട്ടില്ല. അതോറിറ്റി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

9 (*159) വിദേശസഹായത്തോടെയുള്ള ആശുപത്രി സംരംഭം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശസഹായത്തോടെയുള്ളതോ വിദേശപങ്കാളിത്തത്തോടെയുള്ളതോ ആയ എത്ര ആശുപത്രി നിർമ്മാണ സംരംഭങ്ങളുടെ കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏർപ്പെട്ട ഓരോ കരാറിന്റെയും വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പരസ്പരം കരാറിലേർപ്പെടുകയും പിന്നീട് പ്രസ്തുത കരാറിൽ നിന്നും പിൻമാറുകയും ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖ ദാസ്) :

(എ)&(ബി) അമേരിക്കയിലെ മയോ ക്ലിനിക് എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് കേരള സർക്കാരും ടി സ്ഥാപനവും തമ്മിൽ ഒരു പ്രാഥമിക ധാരണാ പത്രം ഒപ്പ് വെച്ചു. പ്രസ്തുത ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി)&(ഡി) ഇല്ല.

10 (*160) ക്രൈം സ്റ്റോപ്പർ സംവിധാനം

ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് മെച്ചപ്പെട്ട രീതിയിലുള്ള സൈരജീവിതം ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിലും മെച്ചപ്പെട്ടതും മാതൃകാപരവുമായ എന്തെല്ലാം പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ക്രൈം സ്റ്റോപ്പർ സംവിധാനം ഫലപ്രദമാണോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലുമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി ജില്ലാ സംസ്ഥാനങ്ങളിൽ ആരംഭിച്ചിട്ടുള്ള "ക്രൈം സ്റ്റോപ്പർ" സംവിധാനവും "ഫ്ളൈയിംഗ് സ്കാഡ്" സംവിധാനവും മുനിസിപ്പൽ പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പരിഷ്ക്കരണ നടപടികൾ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും, ക്രമസമാധാന നില മെച്ചമാക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനശൈലി കുറ്റമറ്റതാക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് സേനയ്ക്കുള്ള പത്ത് നിർദ്ദേശങ്ങൾ സേനയുടെ പ്രവർത്തനത്തിലാകമാനം ഗുണകരമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനും, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനുമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ക്രൈം സ്റ്റോപ്പർ സംവിധാനം ഏർപ്പെടു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly